## (3) 09-03-2017-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

2017 മാർച്ച് 13-ാം തീയതി നിയമനിർമ്മാണത്തിനുശേഷം, 2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയാവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഒരംഗം ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

"ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. മുഖ്യമന്ത്രി രാഷ്ട്രീയമായ ഒരു അഭിപ്രായം സംശയരൂപേണ പ്രകടിപ്പിക്കുകമാത്രമാണ് ഉണ്ടായതെന്നാണ് ചെയറിന് ബോധ്യപ്പെട്ടത്. പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷനേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചതായും ചെയർ മനസ്സിലാക്കുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 307 പ്രകാരം അപകീർത്തികരമായിട്ടുള്ളതോ അൺപാർലമെന്ററി ആയിട്ടുള്ളതോ ആയ പരാമർശങ്ങളെന്ന

---

* XIV KLA IV Session Vol.No.165 dated 13.03.2017.

ഗണത്തിൽപ്പെടുത്താവുന്നവയല്ല മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാതലത്തിൽനിന്നും പുറത്തേയ്ക്ക് വമിക്കുന്ന ആശയങ്ങളോ വാദമുഖങ്ങളോ പൊതുസമൂഹത്തിൽ, തെറ്റിദ്ധാരണയോ കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരുപക്ഷെ, പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥംപോലും വ്യാഖ്യാനിക്കപ്പെടാനുള്ള സാഹചര്യം ഒഴിവാക്കേണ്ട ചുമതല ചെയറിനുണ്ട്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും രാഷ്ട്രീയമായി സഭയിൽ മറുപടി പറയാൻ അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിനുള്ളത്. രാഷ്ട്രീയ അഭിപ്രായങ്ങളെല്ലാം സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാരേഖയിൽനിന്നും നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.”